**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5737** **13-08-2021 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ സാംസ്കാരിക സമുച്ചയം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ജില്ലയിൽ ഒരു സാംസ്കാരിക സമുച്ചയം എന്ന പദ്ധതി വയനാട് ജില്ലയിൽ നടപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സാംസ്കാരിക വകുപ്പ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള കിഫ്ബി പദ്ധതി പ്രകാരം വയനാട് ജില്ലയിൽ എടച്ചേന കുങ്കന്റെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത സാംസ്കാരിക സമുച്ചയ നിർമ്മാണം ഉൾപ്പെടെയുള്ള പദ്ധതികളുടെ നോഡൽ ഓഫീസറായി സാംസ്കാരിക വകുപ്പ് സെക്രട്ടറിയേയും, സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിനേയും, സ്പെഷ്യൽ പർപ്പസ്സ് വെഹിക്കിളായി (എസ്.പി.വി) കേരള സംസ്ഥാന ചലചിത്ര വികസന കോർപ്പറേഷനേയും നിയോഗിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഇനി സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്നും ഇതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്നും അറിയിക്കാമോ? | (ബി) | നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള കിഫ്ബി പദ്ധതി പ്രകാരം വയനാട് ജില്ലയിൽ എടച്ചേന കുങ്കന്റെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത സാംസ്കാരിക സമുച്ചയ നിർമ്മാണം ഉൾപ്പെടെയുള്ള പദ്ധതികളുടെ നോഡൽ ഓഫീസറായി സാംസ്കാരിക വകുപ്പ് സെക്രട്ടറിയേയും, സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിനേയും, സ്പെഷ്യൽ പർപ്പസ്സ് വെഹിക്കിളായി (എസ്.പി.വി) കേരള സംസ്ഥാന ചലചിത്ര വികസന കോർപ്പറേഷനേയും നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ